II ഇ.ബി. XII- കേരള നിയമസഭ/XVII-10

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 23, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

34 (* 271) **സഹകരണ മേഖലയിലെ അഴിമതി**

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അഴിമതി ആരോപിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ചെയർമാനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും അടക്കം 11 അന്വേഷണ കമ്മീഷനുകളെ നിയോഗിച്ച് റിപ്പോർട്ട് വാങ്ങി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

.

സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ/വിശദമായ പരിശോധനകൾ നടന്നുവരുന്നു. പരിശോധനാ വേളയിലും ഓഡിറ്റ്

വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയി ന്മേൽ വിശദമായ പരിശോധനകൾ നടത്തുകയും ആയതിന്റെ അടി സ്ഥാനത്തിൽ സഹകരണ നിയമപ്രകാരമുള്ള നടപടികൾ ഉത്തരവാദി കളായവരുടെ പേരിൽ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ക്രമക്കേടു കൾക്ക് ഭരണസമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ കണ്ടെ ത്തിയാൽ ഭരണസമിതിക്കെതിരെ കേരള സഹകരണ നിയമം/ചട്ട പ്രകാരം നടപടികൾ സ്വീകരിക്കുന്നു.

ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ സഹകരണ പോലീസ് വിജിലൻസ് വിഭാഗവും ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ മൂന്ന് മേഖലാ യൂണിറ്റുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. വിജിലൻസിന് നൽകുന്ന പരാതികളിൽ സമഗ്രമായ അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ തലങ്ങളിൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സഹ കരണ വകുപ്പിനെ ഓഡിറ്റ് വിഭാഗവും ജനറൽ വിഭാഗവുമായി തരംതി രിച്ചിട്ടുണ്ട്. ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനും അഴിമതി കുറയ്ക്കുന്ന തിനുമായി സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി ഓഡിറ്റ് ജനറൽ എന്ന തസ്തികയുണ്ടാക്കി പ്രവർത്തിച്ചുവരുന്നു. ഇൻഡ്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലോ ഐ.എ.എസ് റാങ്കിലോ ഉള്ള ഉദ്യോഗസ്ഥനെ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ആയി നിയമിക്കണമെന്ന് നിയമത്തിൽ പറഞ്ഞിരിക്കു ന്നതുപ്രകാരം ഐ.എ.എസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡയറക്ട റായി നിയമിച്ചിട്ടുണ്ട്. ഓഡിറ്റ് സമകാലീനമാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാറുടെ പൊതു നിയന്ത്രണത്തിൽ ഓഡിറ്റ് വിഭാഗം പ്രത്യേക വിഭാഗമാക്കിയിട്ടുണ്ട്.

ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഭേദഗതി വരുത്തിയിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ തുടർച്ചയായി പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അർബൻ ബാങ്കുകൾ തുടങ്ങിയ വിവിധ അപ്പെക്സ് ബോഡികളുടെ 500-ൽപ്പരം കേസുകളാണ് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുള്ളത്. സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനുശേഷം 201 പരാതികൾ സഹകരണ കോ-ഓപ്പറേറ്റീവ് പോലീസ് വിജിലൻസിന് ലഭിച്ചതിൻമേൽ അന്വേഷണം നടത്തുകയും 89 റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിൻമേൽ നിയമാനുസൃത നടപടികൾ നടന്നുവരികയുമാണെന്ന് മന്ത്രി അറിയിച്ചു. സ്വർണ്ണപ്പണയ വായ്പകളിൽ തിരിമറി കണ്ടതിനെ തുടർന്ന് മൂവായിരം ക്രെഡിറ്റ് ബാങ്കുകളുടെ എല്ലാ സ്വർണ്ണ പാക്കറ്റുകളും പരിശോധിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് 75 ലക്ഷം സ്വർണ്ണ പാക്കറ്റുകൾ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റേഴ്സ് പരിശോധിക്കുകയും ഏതാണ്ട് 200-ൽപ്പരം പാക്കറ്റുകളിൽ തിരിമറികൾ

നടത്തിയതായി കണ്ടതിനെ തുടർന്ന് കുറ്റക്കാർക്കെതിരെ  ശക്തമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്.  സഹകരണ രജിസ്ട്രാറുടെ  നിർദ്ദേശത്തിനപ്പുറം പലിശ വാങ്ങുകയും ഡെപ്പോസിറ്റുകൾക്ക് കൂടുതൽ പലിശ കൊടുക്കുകയും ചെയ്ത സംഘങ്ങളുടെ പേരിൽ നടപടികൾ സ്വീകരിച്ചു വരുന്നു.  ഏഴ് ശതമാനം പലിശയ്ക്ക് കാർഷിക വായ്പയും പന്ത്രണ്ട് ശതമാനം പലിശയ്ക്ക് മറ്റ് വിധത്തിലുള്ള വായ്പകളും നൽകുന്നുണ്ട്. ബ്ലെയ്ഡ് കമ്പനികൾക്ക് ചില സഹകരണ സംഘങ്ങൾ പണം മറിച്ചുകൊടുക്കുകയും  അവർ 30 ശതമാനം പലിശയ്ക്ക് പുറത്തുള്ളവർക്ക് വായ്പ കൊടുക്കുകയും ലഭിക്കുന്ന കമ്മിഷൻ വീതിച്ചെടുക്കുകയും ചെയ്യുന്നതായുള്ള റിപ്പോർട്ട് വന്നതിനെ തുടർന്ന് ആ സംഘങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.  പി.എസ്.സി.ക്ക് വിട്ട പോസ്റ്റുകളിൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന് തെളിഞ്ഞാൽ അത്  റദ്ദ് ചെയ്യാനും ശക്തമായ നടപടികളെടുക്കാനും തീരുമാനിച്ചിട്ടുണ്ട്.  അവിഹിതമായി  ബ്ലെയ്ഡ് കമ്പനികളിലും സെക്യൂരിറ്റികളിലും മറ്റ് കമ്പനികളിലും പണം നിക്ഷേപിക്കുന്ന ചില ബാങ്കുകളുടെ നടപടി സഹകരണ നിയമത്തിന് വിരുദ്ധമായതിനാൽ അതിൻമേലും ഉചിതമായ നടപടികൾ സ്വീകരിച്ച് വരികയാണ്.  ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമായ കേപ്പ്-ലെ ജീവനക്കാരെ ആരെയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും  അവിടെ നടത്തിയിട്ടുള്ള മൊത്തം നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടെന്നും കോൺട്രാക്ട് നിയമനങ്ങളിൽപ്പോലും  സംവരണ തത്വം പാലിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും  കൈത്തറി സംഘങ്ങളെപ്പോലെയുള്ള ചെറിയ  സംഘങ്ങൾക്ക് ഓഡിറ്റ് ഫീസ് കുറയ്ക്കുന്ന കാര്യം സഹകരണ വകുപ്പിന്റെ സജീവ പരിഗണനയിലാണെന്നും സഹകരണം നവരത്നം

കേരളീയം പരിപാടി നടപ്പാക്കിയതിന്റെ ഫലമായി. സഹകരണ മേഖല മൊത്തത്തിൽ ശക്തിപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35 (*272) <u>**പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**</u>

സഹകരണവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പരിയാരം മെഡിക്കൽ കോളേജിൽ പുതുതായി 6 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള അനുമതി മെഡിക്കൽ കൗൺസിലിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും കോഴ്സുകൾ ഈ അദ്ധ്യയന വർഷംതന്നെ ആരംഭിക്കുമെന്നും വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എം.ബി.ബി.എസ്. സീറ്റ് 100-ൽ നിന്ന് 150 ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പാരാമെഡിക്കൽ വിഭാഗത്തിൽ മൂന്ന് പുതിയ കോഴ്സുകളും ആരംഭിച്ചു. എം.ബി.ബി.എസ്., ബി.എസ്.സി., എം.എൽ.ടി, ഡി.എം.എൽ.ടി, ഡി.ആർ.ടി, ഡി.സി.വി.ടി, ഡി.ഒ.ടി.ടി, ഡി.ഡി.ടി എന്നീ കോഴ്സുകൾക്ക് യഥാക്രമം 100, 25, 30, 30, 15, 15, 6 സീറ്റുകളും 14 പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സുകൾക്കായി 23 സീറ്റുകളുമുണ്ട്. കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, യൂറോളജി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ, കാൻസർ & ഓങ്കോളജി, പീഡിയാട്രിക് സർജറി, മാക്സിലോ ഫേഷ്യൽ സർജറി തുടങ്ങി 21 സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി, ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽനിന്നും അടുത്ത 5 വർഷത്തേ യ്ക്കുള്ള സ്ഥിരാംഗീകാരം നേടിയെടുത്തു. ഡന്റൽ കോളേജിന് ഡന്റൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം നേടിയെടുക്കുകയും നിലവിലുള്ള 50 സീറ്റ് 60 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ഫാർമസി കോളേജിലും നഴ്സിംഗ് കോളേജിലും പി.ജി. കോഴ്സുകൾ ആരംഭിച്ചു. ജനറൽ നഴ്സിം ഗിലുണ്ടായിരുന്ന 35 സീറ്റ് 50 ആയി വർദ്ധിപ്പിക്കുകയും പുതിയതായി 3 പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനായി, സഹകരണ നവരത്നം ലോട്ടറി ഫണ്ടിൽനിന്നും നൽകിയ ഒരു കോടി രൂപ കൂടി ഉപയോഗിച്ച് ആദ്യത്തെ നെഫ്രോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ യൂണിറ്റിൽ ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യം ഇരട്ടിയായി വർദ്ധിപ്പിച്ചു. കേരളത്തിലെ ഏറ്റവും ശക്തവും ഫലപ്രദവുമായ ഹാർട്ട് സർജറി യൂണിറ്റായ ‘ഹൃദയാലയ’ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നിലവിലു ള്ള കാത്ത് ലാബിന് പുറമെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു കാത്ത് ലാബ് കൂടി സ്ഥാപിച്ചു. പുതിയ സി.ടി. സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു. ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം പുതിയതായി ആരംഭിച്ചു. യൂറോളജി വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങളും വിദഗ്ദ്ധ ഡോക്ടറെയും ഏർപ്പെടുത്തി. പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനങ്ങളോടുകൂടിയ ക്ലിനി ക്കൽ ലാബ് നവീകരിച്ചു. പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു. ന്യൂറോ സർജറി വിഭാഗത്തിൽ പുതിയ ന്യൂറോ സർജൻമാരെ നിയമിച്ച് 24 മണിക്കൂറും ന്യൂറോ സർജറി വിഭാഗം പ്രവർത്തനക്ഷമമാക്കി. അത്യാധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി ദന്തചികിത്സാ വിഭാഗം

വിപുലീകരിച്ചു. പവർ ലോൺട്രിയിൽ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. പുതിയതായി രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഏറ്റെടുത്ത് ഡോക്ടർമാരുടെ സേവനം നൽകി വരുന്നു. ആശുപത്രിയുടെ വികസനത്തിനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ ആക്സിഡന്റ് ആന്റ് ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും ആശുപത്രിയിലെ ഫാർമസിയിൽ മരുന്നുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കാർഡിയോളജി യൂണിറ്റിൽ പീഡിയാട്രിക് സർജറി, മൈക്രോവാസ്കുലർ സർജറി വിഭാഗങ്ങൾ ആരംഭിക്കുന്നതിനും വാർഡുകളുടെ എണ്ണവും ബെഡ്ഡുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനും വി.ഐ.പി സ്യൂട്ട് ഉൾപ്പെടെയുള്ള സ്പെഷ്യൽ വാർഡുകൾ ആരംഭിക്കുന്നതിനും നെഫ്രോളജി, യൂറോളജി വിഭാഗങ്ങളെ സംയോജിപ്പിച്ച് വൃക്ക മാറ്റിവയ്ക്കൽ സർജറി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽനിന്നും മുപ്പത് ശതമാനം മുതൽ എഴുപത് ശതമാനം വരെ ചികിത്സാ ചെലവ് ഇവിടെ കുറവാണെന്നും ഏഷ്യയിലെ ഏറ്റവും മികച്ച ഒരു ആശുപത്രിയും കോ-ഓപ്പറേറ്റീവ് മെഡിക്കൽകോളേജുമാണ് പരിയാരം മെഡിക്കൽ കോളേജെന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 30 ശതമാനം മുതൽ 70 ശതമാനം വരെ ഹാർട്ട് സർജറിക്ക് അടക്കം ഇളവ് കൊടുക്കുന്നുണ്ടെന്നും മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ നിന്നും ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി തീരുമാനിക്കുന്ന ഫീസ് മാത്രമേ വാങ്ങുന്നുള്ളുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36(*273) <u>മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ പ്രവർത്തനം</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്ടസ് സ്ക്കൂളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം/ഏകലവ്യ സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ടെന്നും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അടുത്ത അദ്ധ്യയന വർഷം കാസർഗോഡ് മഞ്ചേശ്വരം (കന്നട മീഡീയം), കണ്ണൂരിലെ പെരിങ്ങോം എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 7 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ സ്വന്തം കെട്ടിടത്തിലും 3 എണ്ണം വാടക കെട്ടിടത്തിലും . പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്ക്കൂളുകൾ സ്വന്തം കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. എല്ലാ സ്ക്കൂളുകളിലും കൂടുതൽ സ്ഥലവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത സ്ക്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ക്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ സ്ക്കൂളുകളിലും കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ് റൂമുകളും ക്രമീകരിച്ചിട്ടുണ്ട്. 23 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്ക്കുളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ

കാലത്ത് 9 സ്ക്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഭരണപരമായ തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുന്നതിന് എം.ആർ. എസ്. എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു മാനേജിംഗ് കമ്മിറ്റിയേയും ഓരോ സ്ക്കൂളിന്റേയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും സ്ഥലം എം.എൽ.എ. ചെയർമാനായി ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. സ്ക്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് സ്ക്കൂൾ തലവൻമാർ, മാനേജർ, സൂപ്രണ്ട് എന്നിവരുടെ സാമ്പത്തിക അധികാരം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ അന്തേവാസികൾക്ക് മെസ് ചാർജ്ജ് ഉൾപ്പെടെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. യൂണിഫോം അലവൻസ് പ്രതിവർഷം 3,000 രൂപയാക്കാനും ബുക്കുകളും സ്റ്റേഷനറികളും വാങ്ങാനുള്ള അലവൻസ് 60 ശതമാനവും മറ്റ് അലവൻസുകൾ 50 ശതമാനവും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്ക് വീട്ടിൽ പോയി വരുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും യാത്രാബത്തയായി 2-ാം ക്ലാസ് ട്രെയിൻ ചാർജോ യഥാർത്ഥ ബസ് ചാർജോ നൽകിവരുന്നു. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്ക്കൂളിൽ പ്രമുഖ ദിനപത്രങ്ങളും പ്രസിദ്ധീകരണങ്ങളും പരിശീലനത്തിന് ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങളും ലഭ്യമാക്കുന്നതോടൊപ്പം സ്പോർട്ട്സ് യൂണിഫോം, സ്ക്കൂൾ യൂണിഫോം, ഹോസ്റ്റൽ ഡ്രസ്, 70 രൂപ പോക്കറ്റ് മണി, മെസ് ചാർജ്ജ് എന്നിവയും നൽകിവരുന്നുണ്ട്. പ്രതിദിന മെസ് ചാർജ്ജ് 75 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കായിക

പരിശീലനത്തിന് 3 ജോഡി സ്പോർട്ട്സ് യൂണിഫോം നൽകുന്നുണ്ട്. കായിക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ക്യാഷ് അവാർഡുകൾ, മെഡലുകൾ എന്നിവ നൽകി അനുമോദിക്കുന്നു. സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഹൈസ്ക്കൂൾ ക്ലാസ് വരെ 3,000 രൂപയും 11-12 ക്ലാസ്സുകളിൽ 6,000 രൂപയും നൽകി വരുന്നത് 10,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ പത്രങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് 1,500 രൂപ വീതം നൽകുന്നതാണ്. ഗവൺമെന്റ് നേരിട്ട് നടത്തുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 100 ശതമാനം വിജയം കൈവരിക്കാറുണ്ട്. എം.ആർ.എസ്-കൾക്കുവേണ്ടി 38,80,00,000 രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും കൂടുതൽ എം.ആർ.എസ്.-കൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ചാലക്കുടി എം.ആർ. എസ്.-ലെ കുട്ടികൾക്ക് കളിസ്ഥലം നിർമ്മിക്കാനായി സ്ഥലം വിട്ടുകിട്ടുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണെന്നും 44 ഐ.റ്റി.സികളാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ളതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് ഐ.റ്റി.സി.കൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും എട്ട് ഐ.റ്റി.സി.കളെ മോഡൽ ഐ.റ്റി.സി.കൾ ആയി പ്രഖ്യാപിച്ചിട്ടുണ്ടെന്നും പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഐ.റ്റി.സി.കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൽപ്പറ്റയിലെ വൈത്തിരി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടനിർമ്മാണം സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

37(*274) <u>**മയക്കുമരുന്നു കലർത്തിയ വസ്തുക്കൾ**</u>

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, മയക്കുമരുന്നിന്റെയും അവ കലർത്തിയിട്ടുള്ള വസ്തുക്കളുടേയും ശേഖരണം, കടത്ത്, വിപണനം എന്നിവ സംബന്ധിച്ച് നിരീക്ഷിക്കാനും എൻ.ഡി.പി.എസ്., അബ്കാരി ആക്ട് എന്നിവ പ്രകാരം നിയമ നടപടികളെടുക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മയക്കുമരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്താൻ എക്സ്സൈസ് വകുപ്പിന് കീഴിൽ പ്രത്യേക ലബോറട്ടറി ഇല്ലാത്തതിനാൽ. ഹോം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാണ് ലബോറട്ടറികൾ വർക്ക് ചെയ്യുന്നത്. ഓരോ ജില്ലയിലും പ്രത്യേകം ലബോറട്ടറികൾ സ്ഥാപിക്കുന്നകാര്യം അടുത്തവർഷം പരിഗണിക്കുന്നതാണ്. പാൻമസാലകളും മറ്റും വിറ്റഴിക്കുന്നത് തടയാൻ എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് കുറേയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാല് വർഷത്തിനകം 895 കേസ്സുകളെടുത്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ഡി.പി.എസ്., അബ്കാരി ആക്ട് അനുസരിച്ചും അറുന്നൂറോളം കേസ്സുകളെടുത്തിട്ടുണ്ട്. 12743 കിലോഗ്രാം കഞ്ചാവും 36 കിലോഗ്രാം ബ്രൗൺഷുഗറും ഒരു കിലോഗ്രാം ചരസും 10.04 കിലോഗ്രാം ഹെറോയിൻ ഓയിലും പിടിച്ചെടുക്കുകയും 70856 കഞ്ചാവ് ചെടികൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാൻമസാലകൾ, ച്യൂയിംഗം പോലുള്ള മിഠായികൾ നിരോധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ . അതിൽ മയക്കുമരുന്നു

ചേർത്താൽമാത്രമേ അതിനെതിരെ നടപടിയെടുക്കാൻ അധികാര മുള്ളൂവെന്നും ഇവ നിരോധിക്കാൻ ശക്തമായ ബോധവൽക്കരണവും പ്രചര ണവുമാണ് ആവശ്യമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്ത മാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2253 മുതൽ 2447 വരെയുള്ള ചോദ്യങ്ങളിൽ 121 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)